**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 439** **05-12-2022 - ൽ മറുപടിയ്ക്ക്**

**ലഹരി മരുന്നുകളുടെ ഉപയോഗം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. എം.ബി. രാജേഷ് (തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കുട്ടികളിലും കൗമാരക്കാരിലും ലഹരി മരുന്നുകളുടെ ഉപയോഗം ആശങ്കാജനകമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിലയിരുത്തി ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവത്കരണ പ്രർത്തനങ്ങളും, സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ വിപുലമായ ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. |
| (ബി) | ഇത്തരം രാസ ലഹരി മരുന്നുകളുടെ ഉല്പാദന വിതരണത്തിന്റെ ഉറവിടം സംബന്ധിച്ച് വകുപ്പ് പ്രത്യേക അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | രാസ ലഹരി മരുന്നുകൾ പിടികൂടി രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ അവയുടെ ഉറവിടം സംബന്ധിച്ചുള്ള അന്വേഷണം നടത്താറുണ്ട്. പ്രസ്തുത അന്വേഷണത്തിൽ രാസലഹരി മരുന്നുകളുടെ ഉറവിടം അന്യസംസ്ഥാനങ്ങളിൽ നിന്നാണെന്ന് ബോദ്ധ്യമായിട്ടുണ്ട്. ആയത് തടയുന്നതിനായി മറ്റു വകുപ്പുകളുമായി ചേർന്ന് റെയിൽവേ സ്റ്റേഷനുകൾ, ട്രെയിനുകൾ, അന്തർ സംസ്ഥാന വാഹനങ്ങൾ, തീരദേശ മേഖലകൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിൽ ശക്തമായ പരിശോധനകൾ നടത്തി വരുന്നുണ്ട്. |
| (സി) | വിദ്യാർത്ഥികൾ തന്നെ ക്യാരിയർമാരായി പ്രവർത്തിക്കുന്ന ഇത്തരം സാഹചര്യം പൂർണമായി ഒഴിവാക്കുന്നതിനായി പോലീസുമായി ചേർന്ന് സംയുക്ത പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ? | (സി) | വിദ്യാർത്ഥികളെ ക്യാരിയർമാരായി ഉപയോഗിക്കുന്ന സാഹചര്യം പൂർണ്ണമായി ഒഴിവാക്കുന്നതിനായി പോലീസ് ഉൾപ്പെടെയുള്ള മറ്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തി കർശന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ